8

# മരിച്ചവരുടെ പുനരുത്ഥാനം

*"ഇതിങ്കൽ ആശ്ചര്യപ്പെടരുത്, കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട്; നന്മ ചെയ്തവർ ജീവന്നായും, തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു" (യോഹന്നാൻ 5:28, 29).*

കഴിഞ്ഞ കാല സംസ്ക്കാരത്തിൽ മതങ്ങൾ മിക്കതും, മരിച്ചവർ ഏതെങ്കിലും വിധത്തിൽ ജീവിക്കുമെന്ന് വിശ്വസിച്ചു വന്നിരുന്നു. മിസ്രയീമ്യർ തങ്ങളുടെ രാജാക്കന്മാരും മഹാത്മാക്കളും മരിച്ചുകഴിയുമ്പോൾ, അവരുടെ ശരീരങ്ങൾ തയ്യാറാക്കുകയും ഈ ജീവിതത്തിനു ശേഷമുള്ള അവരുടെ ജീവിതത്തിന് ആവശ്യമായ ചിലതെല്ലാം പിന്നീട് ആവശ്യം വരുമെന്ന് കരുതി കൂടെ വെക്കുകയും ചെയ്തിരുന്നു. ഗ്രീക്കുകാർ "ദേഹാന്തരപ്രാപ്തി" ആത്മാവിനുള്ള യാത്ര പഠിപ്പിച്ചിരുന്നു. യെഹൂദതിരുവെഴുത്തുകൾ അതിന്റെ ചെറിയ സൂചന നൽകിയിരുന്നു, പക്ഷെ പുനരുനത്ഥാനത്തെ കുറിച്ച് തർക്കരഹിതമായ വെളിപ്പാട് ഇല്ലായിരുന്നു. ഒരുപക്ഷെ ഇതുകൊണ്ടായിരിക്കാം അവർക്കിടയിൽ മുഖ്യമായ രണ്ടു പിരിവുകളുണ്ടായത്: പുനരുത്ഥാനത്തിൽ വിശ്വസിക്കാതിരുന്ന സദൂക്യരും (മത്തായി 22:23), ഒന്നിൽ വിശ്വസിച്ചിരുന്ന പരീശന്മാരും (പ്രവൃത്തികൾ 23:8). വെളിപ്പാട് ലഭിക്കാതിരുന്ന പുരാതനലോകം അവരുടേതായ നിലയിൽ മരണാനന്തരജീവിതത്തിന് ഭാവം കൊടുത്തു എങ്കിലും അവക്കൊന്നും ഒരു പ്രത്യാശ നല്കുന്ന രീതിയിൽ അതിനെ വളർത്തുവാൻ കഴിഞ്ഞില്ല (എഫെസ്യർ 2:12; 1തെസലൊനിക്യർ 4:13).

പുതിയനിയമം ഒരു പുനരുത്ഥാനമുണ്ടെന്ന് സംശയരഹിതമായി തെളിയിക്കുന്നുണ്ട്. *അനസ്താസിസ്* എന്ന വാക്കുകൊണ്ടാണ് അതിനെ വിവരിച്ചിരിക്കുന്നത് (മത്തായി 22:23; ലൂക്കൊസ് 14:14; യോഹന്നാൻ 5:29; പ്രവൃത്തികൾ 1:22; 2:31). *അനെസ്റ്റമി* (മത്തായി 17:9; 20:19; ലൂക്കൊസ് 16:31; പ്രവൃത്തികൾ 2:24; 13:33), പിന്നെ *യെഗെയിരോ* (യോഹന്നാൻ 5:21; 12:1, 17; പ്രവൃത്തികൾ 3:15). മരിച്ച എല്ലാവരുടേയും പുനരുത്ഥാനത്തെ കുറിച്ചല്ല ആ വാക്കുകൾ പറയുന്നതെങ്കിലും, അതാണ് അർത്ഥമാക്കുന്നതെന്ന് സന്ദർഭം വ്യക്തമാക്കും.

പുനരുത്ഥാനമുണ്ടെന്നു പറയുന്ന മറ്റു വേദഭാഗങ്ങളാണ്, (യോഹന്നാൻ 5:25–29; പ്രവൃത്തികൾ 24:15; 1 കൊരിന്ത്യർ 15:22).

### യേശു ഉയർത്തുവോ?

പുതിയനിയമത്തിലെ മുഖ്യവിഷയമാണ് യേശുവിന്റെ പുനരുത്ഥാനവും മറ്റു മരിച്ചവരുടെ പുനരുത്ഥാനവും. യേശു ഉയർത്തെഴുന്നേറ്റു എന്നും നമുക്കും ഒരു ഉയർത്തെഴുന്നേൽപ് ഉണ്ട് എന്നും ബൈബിൾ തറപ്പിച്ചു പറയുന്നുണ്ട് (1 പത്രൊസ് 1:3, 4). യേശുവിന്റെ ഉപദേശങ്ങളിലും അത്ഭുതങ്ങളിലും അപ്പൊസ്തലന്മാർക്ക് മതിപ്പ് ഉളവായിരുന്നു. അവന്റെ മരണം അവരെ

പരിഭ്രാന്തിയിലും നിരാശയിലുമാക്കിയിരുന്നു. പക്ഷെ അവന്റെ ഉയർത്തെഴുന്നേൽപ്, അവൻ മശിഹയും ദൈവപുത്രനും ആണെന്ന ബോധ്യം അവരിലുണർത്തി (പ്രവൃത്തികൾ 2:32-36). പിന്നീട് അവരുടെ ഉപദേശത്തിന്റെ കേന്ദ്രബിന്ദു യേശുവിന്റെ ഉയർത്തെഴുന്നേൽപായിരുന്നു, നമുക്കും അത് അങ്ങനെതന്നെയാണ്, കാരണം യേശു ഉയർത്തില്ലെങ്കിൽ, അവൻ ക്രിസ്തുവല്ല, എങ്കിൽ നാം ഇപ്പോഴും നമ്മുടെ പാപങ്ങളിൽ തന്നെ വസിക്കുന്നു, അപ്പോൾ നാം ഉയർത്തെഴുന്നേൽക്കുമെന്നോ, ക്രിസ്തുവിൽ പ്രത്യാശയോ ഉണ്ടാവുകയില്ല. പൗലൊസ് അതിനെ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

> ക്രിസ്തു ഉയർത്തിട്ടില്ല എങ്കിൽ, നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു, ക്രിസ്തുവിൽ നിദ്ര കൊണ്ടവരും നശിച്ചുപോയി; നാം ഈ ആയുസിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ, സകലമനുഷ്യരിലും അരിഷ്ടന്മാരത്രേ (1 കൊരിന്ത്യർ 15:17-19).

ആദ്യസഭയുടെ സന്ദേശത്തിന്റെ കാതൽ യേശുവിന്റെ ഉയർത്തെഴുന്നേല്പ് ആയിരുന്നു (പ്രവൃത്തികൾ 1:22; 2:31; 4:2, 33; 17:18, 32; 23:6). പൗലൊസിന്റെ പ്രസംഗം എന്തെങ്കിലും സൂചന നൽകിയെങ്കിൽ (പ്രവൃത്തികൾ 24:15, 21; 1 കൊരിന്ത്യർ 15:12), സഭയുടെ മുഖ്യ വിഷയം അതായിരുന്നു. ഉയർത്തെഴുന്നേൽപിനുള്ള ശാസ്ത്രീയ തെളിവു ബോധ്യപ്പെടുത്തുകയായിരുന്നില്ല സഭ ചെയ്തത്; അത് അസാധ്യമായിരുന്നു, മറിച്ച് അവർ യേശു ഉയർത്തെഴുന്നേറ്റതായി കണ്ടു എന്നു സാക്ഷ്യം പറഞ്ഞു (പ്രവൃത്തികൾ 2:32; 4:33; 1 കൊരിന്ത്യർ 15:4-8) - ആ ഉയർത്തെഴുന്നേൽപ് തിരുവെഴുത്തിൽ മുന്നറിയിച്ചിരുന്നു (പ്രവൃത്തികൾ 2:29-31; 1 കൊരിന്ത്യർ 15:4). ആ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ സഭ കാട്ടുതീ പോലെ പരന്ന് റോമാലോകം മുഴുവനും, ലോകത്തിൽ അന്ന് അറിയ-പ്പെടാത്ത ഉൾപ്രദേശങ്ങളിലേക്കും വ്യാപിച്ചു (കൊലൊസ്യർ 1:23). അവരുടെ സാക്ഷ്യം സത്യമാണെന്ന് അവരുടെ രക്തസാക്ഷിത്വം വെളിപ്പെടുത്തി.

## അവന്റെ ഉയിർപ്പ്<br>എന്തുപോലെ ആയിരുന്നു?

യേശു ഉയർത്തെഴുന്നേറ്റതുപോലെ ആയിരിക്കും നമ്മുടെ ഉയിർപ്പ് എന്നതുകൊണ്ട്, അവന്റെ ഉയിർപ്പ് എങ്ങനെയായിരുന്നു എന്നറിയുന്നത് നമ്മുടേത് മനസിലാക്കുവാൻ നമ്മെ സഹായിക്കും.

ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ശരീരം എങ്ങനെയിരുന്നു? യേശുവിന്റെ അടക്കപ്പെട്ട ശരീരം ഉയിർത്തെഴുന്നേറ്റില്ല, ദൈവം അതിനെ കല്ലറയിൽനിന്നു നീക്കം ചെയ്തു എന്നാണ് ചിലർ വിശ്വസിക്കുന്നത്. അതിനുശേഷം, യേശു ആത്മിയവും, സ്വർഗീയവുമായ അവസ്ഥയിലായി. അവന്റെ അനുയായികൾ അവനെ കണ്ടപ്പോൾ, അത് അവനാണെന്ന് ഉറപ്പുവരുത്തുവാനായി പഴയ രൂപം എടുക്കുകയായിരുന്നു എന്നാണ് അവരുടെ വിശ്വാസം.

വേറെ ചിലർ വിശ്വസിക്കുന്നത്, യേശു ഉയിർത്തെഴുന്നേറ്റു, എന്നാൽ ആത്മിയമായ ശരീരത്തോടെ, അഥവാ തേജസ്ക്കരിക്കപ്പെട്ട ശരീരത്തോടെയാണ് എന്നത്രെ. അടക്കപ്പെട്ടത് അതേ ഭൗതികശരീരമായിരുന്നു, എന്നാൽ

ഉയിർത്തെഴുന്നേറ്റതു, ഭൗതികശരീരത്തിനു പകരം ആത്മികശരീരമായിരുന്നു. ക്രിസ്ത്യാനികൾക്ക് ഉയർത്തെഴുന്നേൽക്കുമ്പോൾ ലഭിക്കുവാനിരിക്കുന്ന തേജസ്ക്കരിക്കപ്പെട്ട ശരീരമായി തീരുകയായിരുന്നു യേശുവിന്റെ ഉയർത്തെഴുന്നേൽപിൽ എന്നാണ് അവർ അനുമാനിക്കുന്നത്.

യേശു ഭൂമിയിലേക്ക് വരുന്നതിന് മുൻപ് തനിക്കു സ്വർഗത്തിലുണ്ടായിരുന്ന ആത്മിയ അസ്തിത്വം എന്നേക്കുമായി ഉപേക്ഷിച്ചിട്ടാണ് ഭൂമിയിൽ വന്ന് അവൻ മനുഷ്യനായതു എന്നാണ് ചിലർ പഠിപ്പിക്കുന്നത്. എന്നേക്കുമായി ഉയർത്തെഴുന്നേറ്റ തേജസ്ക്കരിക്കപ്പെട്ട ശരീരം എടുക്കേണ്ടതിനാണ് അവൻ ആത്മിയ ശരീരം എന്നേക്കുമായി ഉപേഷിച്ചത് എന്നാണ് അവരുടെ വാദം. പാപികൾക്കുവേണ്ടിയുള്ള അവന്റെ യാഗത്തിന്റെ ഭാഗമായിരുന്നു ആ ശരീരം എന്നുമാണ് അവർ പറയുന്നത്.

ഇനിയും ചിലർ വിശ്വസിക്കുന്നത്, യേശു ഉയർത്തെഴുന്നേറ്റത്, കല്ലറയിൽ അടക്കപ്പെട്ട ശരീരം മാറ്റമില്ലാതെയാണ് എന്നത്രെ. ആ ശരീരം അവൻ ഭൗതിക-മല്ലാത്ത അവസ്ഥയിൽ സ്വർഗാരോഹണം ചെയ്യുന്നതുവരെ നിലനിർത്തുകയും, പിന്നീട് ഉരിഞ്ഞുകളയുകയും ചെയ്തു എന്നാണ് അവർ കരുതുന്നത്.

ഉയർത്തെഴുന്നേറ്റ യേശുവിനെ എന്തുകൊണ്ട് ചിലർക്ക് തിരിച്ചറിയുവാൻ കഴിഞ്ഞില്ല എന്നും (യോഹന്നാൻ 21:4), അവൻ എങ്ങനെ അടച്ചിട്ട വാതിലിൽകൂടെ കടന്നുവന്നു (യോഹന്നാൻ 20:19) എന്നും വിവരിക്കുന്നതാണ് ആദ്യത്തെ രണ്ട് വീക്ഷണങ്ങൾ. അവനു പിന്നീട് ഭൗതികശരീരമായിരുന്നില്ല, പകരം ആത്മിക ശരീരമാണ് ഉണ്ടായിരുന്നതെന്ന് അവ സൂചിപ്പിച്ചേക്കാം; എങ്ങനെയായാലും, അവന്റെ മരണത്തിന് മുൻപും അവനെ ചിലർ തിരിച്ചറിഞ്ഞിരുന്നില്ല (മത്തായി 14:26), ജനക്കൂട്ടം അവനെ കൊല്ലുവാൻ അന്വേഷിച്ചുകൊണ്ടിരുന്നപ്പോൾ, അവൻ ജനക്കൂട്ടത്തിൽനിന്നു അപ്രത്യക്ഷനായിട്ടുണ്ട് (ലൂക്കൊസ് 4:29, 30). അവൻ വെള്ളത്തിന്മീതെ നടന്നിരുന്നു (മത്തായി 14:26) - ദൈവികശക്തിയില്ലാതെ, മനുഷ്യശരീരത്തിനു ചെയ്യുവാൻ സാധ്യമല്ലാത്തതാണ് അത്.

തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ, അവന്റെ ശരീരത്തിന്റെ ഉയിർപ്പിനെക്കുറിച്ച് യേശു പ്രവചിച്ചിരുന്നു. അവൻ പറഞ്ഞു, “ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു പറഞ്ഞു” (യോഹന്നാൻ 2:19). യഹൂദന്മാർ വിചാരിച്ചത് അവൻ യെരുശലേം ദൈവാലയത്തെ കുറിച്ചാണ് പറഞ്ഞത് എന്നത്രെ, “എന്നാൽ അവൻ തന്റെ ശരീരം എന്ന മന്ദിരത്തെ കുറിച്ചായിരുന്നു പറഞ്ഞത്” (യോഹന്നാൻ 2:21). അവൻ ഉയർത്തെഴുന്നേറ്റപ്പോൾ, അവന്റെ ശിഷ്യന്മാർ അവൻ ചെയ്ത വാഗ്ദാനം ഓർക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്തു (യോഹന്നാൻ 2:22). തന്റെ ശരീരത്തിന്റെ ഉയിർപ്പ് യേശു വിശ്വസിച്ച് മുന്നറിയിച്ചിരുന്നു. അവൻ പറഞ്ഞതുപോലെ, അവന്റെ ശരീരം ഉയർത്തെഴുന്നേറ്റില്ലെങ്കിൽ, അവൻ ഒരു കള്ളപ്രവാചകൻ ആകുമായിരുന്നു.

ഉയിർത്തെഴുന്നേൽപിന് മുൻപു യേശു ക്രൂശിക്കപ്പെട്ടപ്പോൾ ഉണ്ടായിരുന്ന മുറിവുള്ള ശരീരത്തോടുകൂടിയാണ് അവൻ ഉയർത്തെഴുന്നേറ്റത് എന്ന കൃത്യമായ തെളിവ് അവൻ നൽകുകയുണ്ടായി (യോഹന്നാൻ 20:25–29). അവന്റെ ശരീരം സ്പർശിക്കാവുന്നതായിരുന്നു (മത്തായി 28:9; ലൂക്കൊസ് 24:39; യോഹന്നാൻ 20:17, 27), തന്റേത് അസ്ഥിയും മാംസവുമുള്ള ശരീരമാ

ണെന്ന് തന്റെ ശിഷ്യന്മാരെ തെളിയിക്കുവാൻ അവൻ അവരുടെ മുൻപിൽ വെച്ച് ഭക്ഷണം കഴിച്ചു (ലൂക്കൊസ് 24:41-43). അവൻ അവരോട് പറഞ്ഞു, "ഞാൻ തന്നെ ആകുന്നു എന്ന് എന്റെ കയ്യും കാലും നോക്കി അറിവിൻ; എന്നെ തൊട്ടു നോക്കുവിൻ; എന്നിൽ കാണുന്നതുപോലെ ഭൂതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലൊ'' (ലൂക്കൊസ് 24:39). അങ്ങനെ, ക്രൂശിൽനിന്നും എടുത്ത് കല്ലറയിൽ അടക്കിയ അതേ ശരീരമാണ് തന്റേതെന്ന് യേശു വ്യക്തമാക്കി കൊടുത്തു. എമ്മവുസിലേക്കുള്ള യാത്രാ മദ്ധ്യേ രണ്ടു ശിഷ്യന്മാർക്ക് യേശുവിനെ തിരിച്ചറിയുവാൻ കഴിയാതിരുന്നത് അവരുടെ കണ്ണുകളെ തടഞ്ഞിരുന്നതുകൊണ്ടാണ് (ലൂക്കൊസ് 24:16), അല്ലാതെ അവൻ തിരിച്ചറിയാതിരുന്ന അവസ്ഥയിലായിരുന്നതുകൊണ്ടല്ല. പിന്നെ അവരുടെ കണ്ണുകൾ തുറന്നപ്പോൾ, അവർക്ക് അവനെ തിരിച്ചറിയുവാൻ കഴിഞ്ഞു (ലൂക്കൊസ് 24:31). അവൻ പൂർണ്ണമായും മാറിയിരുന്നെങ്കിൽ, അവരുടെ കണ്ണുകൾ തുറന്നാൽ പോലും അവർക്കു തിരിച്ചറിയുവാൻ കഴിയുമായിരുന്നില്ല, അങ്ങനെയാകുമ്പോൾ, അവൻ ഉയർത്തെഴുന്നേറ്റോ എന്ന് അവർക്കു ഉറപ്പിക്കുവാനും കഴിയുമായിരുന്നില്ല.

തന്റെ ഉയിർപ്പ് ചോദ്യം ചെയ്യപ്പെടാത്ത വിധത്തിൽ മതിയായത്ര ആളുകൾക്ക് അവൻ പ്രത്യക്ഷനായി. ഒരു സമയത്ത് അഞ്ഞൂറിലധികം പേർക്ക് പ്രത്യക്ഷനായതടക്കം സാക്ഷികളായ ആളുകളുടെ ലിസ്റ്റ് പൗലൊസ് പറയുന്നുണ്ട് (1 കൊരിന്ത്യർ 15:3-7). ഒരു വക്കീലിനു വിശ്വസിക്കാവുന്ന രണ്ട് സാക്ഷികളുണ്ടെങ്കിൽ, അയാളുടെ കേസ് തർക്കമില്ലാതിരിക്കും. നീതിന്യായപീഠത്തിൽ, യേശുവിന്റെ ഉയിർത്തെഴുന്നേറ്റ ശരീരത്തെ കുറിച്ച് ഒരു കേസ് വന്നാൽ, നിഷേധിക്കുവാൻ പറ്റാത്ത സാക്ഷികളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വിജയിക്കുക തന്നെ ചെയ്യും.

### എന്തായിരിക്കും ഉയിർക്കുക?

യേശു അനുഭവിച്ചതായ അതേ രീതിയിലായിരിക്കുമോ നാമും ഉയർത്തെഴുന്നേൽക്കുക. നമ്മുടെ ശരീരങ്ങൾ ഉയിർക്കുമോ? നമ്മുടെ ശരീരങ്ങൾ ഉയിർക്കുകയാണെങ്കിൽ അത് എങ്ങനെയിരിക്കും? നമ്മുടെ പ്രാണനും ആത്മാവും ഉയിർത്തെഴുന്നേല്ക്കുമ്പോൾ വീണ്ടും ശരീരത്തോടു ചേരുമോ?

മരിക്കുമ്പോൾ, ശരീരം കല്ലറയിൽ വെക്കും (ഇയ്യോബ് 21:32), അതു പൊടിയിലേക്ക് തിരികെ ചേരും (ഉൽപത്തി 3:19), പക്ഷെ ആത്മാവിനും പ്രാണനും അതു സംഭവിക്കുന്നില്ല. അവ ശരീരം വിട്ട്[1] പാതാളലോകത്തേക്ക് പോകുന്നു (ലൂക്കൊസ് 16:22, 23).

ഉയർത്തെഴുന്നേൽപിൽ, കല്ലറകളിലുള്ള അവരുടെ ശരീരങ്ങൾ യേശുവിന്റെ ശബ്ദം കേട്ട് പുറത്തു വരും (യോഹന്നാൻ 5:28, 29). ദേഹിയും ആത്മാവും അവിടെയില്ല, അതുകൊണ്ട് ശരീരം മാത്രമാണ് ഉയിർക്കുന്നത്. പാതാളത്തിലുള്ള പ്രാണനും ആത്മാവും അവിടെനിന്നു പുറത്തുവരും (വെളിപ്പാട് 20:13). അവർ പാതാളത്തിൽ വസിച്ചിരുന്നതുകൊണ്ട്, സുബോധമുള്ളവരും ജീവിക്കുന്നവരുമായിരുന്നു. ശരീരത്തിന് ഉയിർപ്പില്ലെങ്കിൽ ഉയർത്തെഴുന്നേൽപ് തന്നെയില്ല. ശരീരങ്ങൾ ഉയർക്കുവാനുള്ളതല്ലെങ്കിൽ, യേശു അതിനായി വീണ്ടും വരേണ്ട ആവശ്യമില്ലല്ലൊ; പകരം ആത്മാക്കളേയും പ്രാണനേയും അവൻ പാതാളത്തിലേക്ക് പോയി ഉയർപ്പിക്കുവാനായി അവൻ പാതാളത്തിൽ പോകേണ്ടിയിരുന്നു. എങ്ങനെയായാലും, യേശു

വീണ്ടും വരുന്നതു കല്ലറകളിലുള്ള മരിച്ചവരെയെല്ലാം കൂട്ടിച്ചേർക്കുവാനാണ് (1 തെസലൊനിക്യർ 4:16; യോഹന്നാൻ 5:28, 29), ശരീരം ഉയിർത്തെഴുന്നേൽക്കുമെന്നതിനുള്ള നല്ല സൂചനയാണ് അത്.

യേശു മടങ്ങിവരുമ്പോൾ, ഉയർത്തെഴുന്നേൽപ് മാത്രമല്ല സംഭവിക്കുന്നത്, ശരീരങ്ങൾ ജീവിക്കുമെന്നും ബൈബിൾ ഉറപ്പ് നൽകുന്നു. "മരിച്ചവരിൽനിന്നും ഉയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ, ക്രിസ്തുയേശുവിനെ മരണത്തിൽനിന്ന് ഉയർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്നവന്റെ ആത്മാവിനെ കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും" (റോമർ 8:11; കൂടാതെ 8:23 ഉം നോക്കുക). നശ്വരവും, സ്വാഭാവികവുമായ, "അത്" മരണത്തിൽ നീങ്ങി പോയി ആത്മികവും, അനശ്വരവുമായി മാറും. "അത്" മുൻപ് ആയിരുന്ന അതേ ശരീരമാണ് ആത്മികവും അനശ്വരവുമായി ഉയർക്കുന്നത്. ആത്മിയ നിലനിൽപായി മാറുന്നത് പഴയ അതേ ശരീരമാണ് (1 കൊരിന്ത്യർ 15:51). ശരീരം ഉയർത്തില്ലെങ്കിൽ, ആത്മിയശരീരമായി അപ്പോൾ മാറിയില്ലെങ്കിൽ, നാം "[ജീവിക്കുന്നവരും മരിച്ചവരും] എല്ലാവരും ദ്രവത്വത്തിൽനിന്ന് അദ്രവത്വത്തിലേക്കും," മർത്യതയിൽനിന്ന് അമർത്യതയിലേക്ക് മാറുകയില്ല. പക്ഷെ "നൊടിയിടയിൽ മാറ്റം സംഭവിക്കുമെന്നാണ്" വചനം പറയുന്നത് (1 കൊരിന്ത്യർ 15:51–54). ആത്മാവും പ്രാണനും പാതാളത്തിൽ ജീവിച്ചിരിക്കുന്നതുകൊണ്ട്, ഉയർത്തെഴുന്നേൽപ് ശരീരത്തിനുമാത്രമാണെന്നാണ് സൂചന.

അഴുകിപോയ ശരീരം ഉയിർക്കുന്നത് അസാധ്യമാണെന്ന വിധത്തിൽ ചിലർ അതിനെ എതിർക്കുന്നുണ്ട്. അത്തരം എതിർപ്പ് ദൈവശക്തിയെ മറികടക്കുവാൻ ശ്രമിക്കുന്നതാണ് (മർക്കൊസ് 12:24), വാസ്തവത്തിൽ, മരിച്ച് കുറെ നാൾ കഴിഞ്ഞ ശരീരങ്ങളെ ദൈവം ജീവിപ്പിച്ചിട്ടുണ്ട്. യേശു മരിച്ചപ്പോൾ ഉയർത്തെഴുന്നേറ്റവർ, അവന്റെ ഉയർത്തെഴുന്നേൽപിനുശേഷം യെരുശലേമിലേക്ക് പോയി (മത്തായി 27:52, 53). അന്നു മരിച്ചവരെ ഉയർപ്പിക്കുവാൻ ദൈവത്തിനു കഴിഞ്ഞു എങ്കിൽ നമ്മെ ഓരോരുത്തരേയും അന്ത്യനാളിൽ ഉയർപ്പിക്കുവാൻ അവനു കഴിയും.

## നമ്മുടെ ശരീരങ്ങൾ എങ്ങനെ ആകും?

ഒരാളുടെ ഇപ്പോഴത്തെ ശരീരത്തെപോലെയുള്ള ശരീരമല്ല, ഉയർത്തെഴുന്നേല്ക്കുന്ന ശരീരം (1 കൊരിന്ത്യർ 15:37). അത് സ്വർഗീയന്റെ പ്രതിമ ധരിക്കുന്ന ആത്മികവും, തേജസും, ശക്തിയുമുള്ള നശിക്കാത്ത മാറ്റപ്പെട്ട ശരീരമായിരിക്കും (1 കൊരിന്ത്യർ 15:48, 49). അത് ഒരു ഭൗതികശരീരമായിരിക്കയില്ല; കാരണം, "മാംസരക്തങ്ങൾക്ക് ദൈവരാജ്യം അവകാശമാക്കുവാൻ സാധ്യമല്ല; ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയുമില്ല" (1 കൊരിന്ത്യർ 15:50). നാം യേശുവിനെ പോലെ ആകും (1 യോഹന്നാൻ 3:2), "അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ട് നമ്മുടെ താഴ്മയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും" (ഫിലിപ്പിയർ 3:21; കെജെവി). ആത്മാക്കൾ എന്നപോലെ നാം ദൂതന്മാരെ പോലെ ആയി വിവാഹം കഴിക്കാതിരിക്കും (മത്തായി 22:30; മർക്കൊസ് 12:25; ലൂക്കൊസ് 20:34–36).

പിന്നീട് നമ്മുടെ മേക്കപ്പ് ഭൗതികമായിരിക്കയില്ല. ഉയർത്തെഴുന്നേൽപിൽ,

നാം ആത്മികഗോളത്തിലേക്ക് പ്രവേശിക്കയും മനുഷ്യകണ്ണുകൾക്ക് അഗോചരമായ നിത്യാവസ്ഥയിലായിരിക്കും (2 കൊരിന്ത്യർ 4:18), ദൈവികമേഖലയിലാകുന്നതുകൊണ്ട് അവിടെ മരണമില്ല (ലൂക്കൊസ് 20:36).

## ഉയർത്തെഴുന്നേൽപിൽ
## എന്തു സംഭവിക്കും?

മരിച്ചവർ ഉയിർക്കുന്നതിനെ കുറിച്ച് നിരവധി ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്: ആരാണ് ഉയിർക്കുന്നത്? എപ്പോഴാണ് ഉയർത്തെഴുന്നേല്പ് സംഭവിക്കുന്നത്? ഉയർത്തേഴുന്നേൽപിന് ശേഷം നാം എങ്ങനെ ആയിരിക്കും? പുതിയനിയമത്തിൽ താഴെ കൊടുത്തിരിക്കുന്ന ഉത്തരങ്ങൾ കാണാം:

(1) അത് സംഭവിക്കുന്നത് യേശു വീണ്ടും വരുമ്പോഴാണ് (1 കൊരിന്ത്യർ 15:22, 23; 1 തെസലൊനിക്യർ 4:13-18).

(2) മരിച്ച എല്ലാവരും ഉയർത്തെഴുന്നേൽക്കും, നന്മ ചെയ്തവരും തിന്മ ചെയ്തവരും (യോഹന്നാൻ 5:28, 29; പ്രവൃത്തികൾ 24:15 നോക്കുക).

(3) നന്മ ചെയ്തവരും തിന്മ ചെയ്തവരും, ഒരേ നാഴികയിൽ, ഒരേ സമയത്ത് ഉയർത്തെഴുന്നേൽക്കും (യോഹന്നാൻ 5:28, 29).

(4) ഉയർത്തെഴുന്നേൽപുസമയത്ത് ഭൂമിയിലുണ്ടായിരിക്കുന്നവർ (1 കൊരിന്ത്യർ 15:51; 1 തെസലൊനിക്യർ 4:17).

(5) ജീവിച്ചിരിക്കുന്നവർ മേഘത്തിൽ എടുക്കപ്പെടുന്നതിനു മുൻപായിരിക്കും (1 തെസലൊനിക്യർ 4:16, 17).

(6) മരിച്ച് ഉയർത്തെഴുന്നേറ്റവരും ജീവിച്ചിരിക്കുന്നവരും ഒരുമിച്ച് കർത്താവിനെ എതിരേൽപാൻ മേഘത്തിൽ എടുക്കപ്പെടും (1 തെസലൊനിക്യർ 4:17).

(7) കല്ലറകളിലുള്ള ശരീരങ്ങളെ വിളിക്കുവാൻ യേശുവിന്റെയും പ്രധാനദൂതന്റെയും ശബ്ദവും, കാഹളനാദവും കേൾക്കും (യോഹന്നാൻ 5:25, 28; 1 കൊരിന്ത്യർ 15:51, 52; 1 തെസലൊനിക്യർ 4:16). ലാസറിനെ ഉയർപ്പിച്ച ശബ്ദം തന്നെയാണ് മരിച്ച എല്ലാവരെയും ഉയർപ്പിക്കുന്ന ശബ്ദം (യോഹന്നാൻ 11:43).

(8) ദൈവശക്തിയാണ് മരിച്ചവരെഉയർപ്പിക്കുന്നത് (1 കൊരിന്ത്യർ 6:14; 2 കൊരിന്ത്യർ 1:9 നോക്കുക). പിതാവിനും പുത്രനും ഈ ശക്തിയുണ്ട് (യോഹന്നാൻ 5:21); എങ്ങനെയായാലും, പിതാവ് പുത്രൻ മുഖാന്തരമാണ് ലോകത്തെ സൃഷ്ടിച്ചത് (1 കൊരിന്ത്യർ 8:6), അതുപോലെ അവൻ യേശു മുഖാന്തരം മരിച്ചവരെ ഉയർപ്പിക്കും (2 കൊരിന്ത്യർ 4:14).

(9) ഉയർത്തെഴുന്നേറ്റ ശരീരങ്ങൾ ദ്രവിക്കാത്തവയായിരിക്കും (1 കൊരിന്ത്യർ 15:51-54).

ഇവയെല്ലാമാണ് ഉയർത്തെഴുന്നേൽപിൽ സംഭവിക്കുന്ന മുഖ്യ സംഭവങ്ങൾ. അത് ഒരു അതിശയകരമായ, വലിയ അനുഭവമായിരിക്കും - നാം ആ ദിവസത്തിനായി ഒരുങ്ങിയാൽ.

## ഉപസംഹാരം

യേശു മടങ്ങി വരുമ്പോൾ, മരിച്ചവരെല്ലാവരും എഴുന്നേറ്റ്, ആത്മാക്കളോടുകൂടി ചേർന്ന്, ആത്മിയവും അനശ്വരവുമായ ശരീരങ്ങളായിതീരുന്നു. അങ്ങനെ മരണത്തെ കീഴടക്കി വിജയിക്കുകയും, ആ വിജയം യേശുക്രി

സ്തുമൂലവുമായിരിക്കും (1 കൊരിന്ത്യർ 15:57; യോഹന്നാൻ 11:25; പ്രവൃത്തികൾ 4:2 നോക്കുക). ഈ വലിയ സംഭവം നടക്കുന്നത്, യേശു അവസാനനാളിൽ "ഭൂമിയിൽ കൊയ്ത്തു" നടത്തുമ്പോഴാണ്. അവൻ വീണ്ടും വരുന്ന നാൾ അറിയായ്കകൊണ്ട് നമുക്ക് ഒരുങ്ങിയിരിക്കാം.

---

കുറിപ്പ്

[1]ഉൽപത്തി 35:18; സഭാപ്രസംഗി 12:7; 1 രാജാക്കന്മാർ 17:21, 22; ലൂക്കൊസ് 23:46; യാക്കോബ് 2:26 നോക്കുക.